**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4419** **10-08-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ നെൽവിത്ത് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽവിത്ത് സംഭരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ നിന്നും വിത്ത് സംഭരിച്ചു എന്നും ഓരോ പാടശേഖരത്തിൽ നിന്നും എത്ര കിലോ വിത്ത് വീതമാണ് സംഭരിച്ചതെന്നും അറിയിക്കാമോ; | (എ) | 2020-21 മുണ്ടകൻ വിളക്കാലത്ത് മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി കൃഷിഭവനിലെ ആളൂർ പാടശേഖരസമിതി ഉൽപാദിപ്പിച്ച 147.390 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ചു. |
| (ബി) | ഏതെല്ലാം ഇനം വിത്തുകളാണ് സംഭരിച്ചത്; വ്യക്തമാക്കുമോ; | (ബി) | ഉമ സർട്ടിഫൈഡ് നെൽവിത്ത്. |
| (സി) | നെൽവിത്ത് സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ വിത്ത് നിയമം 1966, വിത്ത് ചട്ടങ്ങൾ 1968 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതികൾ/ വ്യക്തിഗത കർഷകർ എന്നിവരിൽ നിന്നും കൃഷിഭവനുകൾ മുഖേന വിത്തു സംഭരണം നടത്തുന്നു. ശാസ്ത്രീയമായ രീതിയിൽ വിത്തുത്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന നെൽപാടങ്ങളിൽ നിർദിഷ്ട മൂന്ന് ഫീൽഡ് പരിശോധനകൾ കൃഷി ഭവൻ ഉദ്യോഗസ്ഥർ നടത്തി ഉൽപാദിപ്പിച്ച നെൽവിത്തിന്റെ സാമ്പിളുകൾ സംസ്ഥാന വിത്ത് പരിശോധന ലാബിൽ ഗുണനിലവാര പരിശോധനയ്ക്കായി ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അയയ്ക്കുന്നു. ഇങ്ങനെ അയച്ച വിത്ത് പരിശോധന നടത്തി ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഗുണനിലവാരമുള്ള നെൽ വിത്തുകൾക്ക് കൃഷി ഡയറക്ടറുടെ വിത്ത് വിതരണ/ വിൽപനാനുമതി പത്രം കൃഷി അഡീഷണൽ ഡയറക്ടർ പുറപ്പെടുവിക്കുന്നു. ഈ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി പ്രസ്തുത പാടശേഖര സമിതി, നെൽകർഷകർ എന്നിവരിൽ നിന്നും നെൽവിത്ത് സംസ്കരിച്ച് സംഭരിച്ച് വിതരണം ചെയ്യുന്നു.. |

| | | | |
|---|---|---|---|
| (ഡി) | സംഭരിച്ച വിത്തിന്റെ വില മുഴുവനും കൊടുത്തു തീർത്തിട്ടുണ്ടോ എന്നും കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ; | (ഡി) | സംഭരിച്ച നെൽ വിത്തിന്റെ വില മുഴുവനും 23.07.2021 തീയതിയോടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഇ) | സംഭരിച്ച നെൽ വിത്തിന്റെ വില മുഴുവനും 23.07.2021 തീയതിയോടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4419** | **10.08.2021 ൽ മറുപടിയ്ക്ക്**

## മണലൂർ മണ്ഡലത്തിലെ നെൽവിത്ത് സംഭരണം

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | മറുപടി<br>ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) നെൽവിത്ത് സംഭരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ നിന്നും വിത്ത് സംഭരിച്ചു എന്നും ഓരോ പാടശേഖരത്തിൽ നിന്നും എത്ര കിലോ വിത്ത് വീതമാണ് സംഭരിച്ചതെന്നും അറിയിക്കാമോ; | (എ) 2020-21 മുണ്ടകൻ വിളക്കാലത്ത് മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി കൃഷിഭവനിലെ ആളൂർ പാടശേഖരസമിതി ഉൽപാദിപ്പിച്ച 147.390 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ചു. |
| (ബി) ഏതെല്ലാം ഇനം വിത്തുകളാണ് സംഭരിച്ചത്; വ്യക്തമാക്കുമോ; | (ബി) ഉമ സർട്ടിഫൈഡ് നെൽവിത്ത്. |
| (സി) നെൽവിത്ത് സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (സി) കേന്ദ്ര സർക്കാരിന്റെ വിത്ത് നിയമം 1966, വിത്ത് ചട്ടങ്ങൾ 1968 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതികൾ/ വ്യക്തിഗത കർഷകർ എന്നിവരിൽ നിന്നും കൃഷിഭവനുകൾ മുഖേന വിത്തു സംഭരണം നടത്തുന്നു. ശാസ്ത്രീയമായ രീതിയിൽ വിത്തുത്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന നെൽപാടങ്ങളിൽ നിർദിഷ്ട മൂന്ന് ഫീൽഡ് പരിശോധനകൾ കൃഷി ഭവൻ ഉദ്യോഗസ്ഥർ നടത്തി ഉൽപാദിപ്പിച്ച നെൽവിത്തിന്റെ സാമ്പിളുകൾ സംസ്ഥാന വിത്ത് പരിശോധന ലാബിൽ ഗുണനിലവാര പരിശോധനയ്ക്കായി ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അയയ്ക്കുന്നു. ഇങ്ങനെ അയച്ച വിത്ത് പരിശോധന നടത്തി ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഗുണനിലവാരമുള്ള നെൽ വിത്തുകൾക്ക് കൃഷി ഡയറക്ടറുടെ വിത്ത് വിതരണ/വിൽപനാനുമതി പത്രം കൃഷി അഡീഷണൽ ഡയറക്ടർ പുറപ്പെടുവിക്കുന്നു. ഈ |

അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി പ്രസ്തുത പാടശേഖര സമിതി, നെൽകർഷകർ എന്നിവരിൽ നിന്നും നെൽവിത്ത് സംസ്കരിച്ച് സംഭരിച്ച് വിതരണം ചെയ്യുന്നു..

(ഡി) സംഭരിച്ച വിത്തിന്റെ വില മുഴുവനും കൊടുത്തു തീർത്തിട്ടുണ്ടോ എന്നും കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ;

(ഇ) കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

**(ഡി) യും (ഇ) യും** സംഭരിച്ച നെൽ വിത്തിന്റെ വില മുഴുവനും 23.07.2021 തീയതിയോടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**